"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്-കൊടകര ബ്ലോക്ക് പഞ്ചായത്ത് - "ഷീ വർക്ക് സ്പേസ്'' പദ്ധതിക്കായി നിർമ്മാണം പൂർത്തീകരിക്കുന്ന മുറക്ക് സംരംഭകരെ കണ്ടെത്തി പ്രവർത്തനം ആരംഭിക്കുന്നതിലേക്ക് ഡിപിസി അംഗീകാരം ലഭ്യമാക്കിയ 10 ലക്ഷം രൂപയിൽ അധികരിക്കാതെ കോൺക്ലേവ് -നുള്ള പ്രത്യേക അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1627/2025/LSGD തീയതി,തിരുവനന്തപുരം, 30-06-2025

പരാമർശം:-

1. 04.01.2023 ലെ സ.ഉ.(കൈ) നം.3/2023/ത.സ്വ.ഭ.വ;
2. 09.08.2024 ലെ സ.ഉ.(സാധാ) നം. 1482/2024/ത.സ്വ.ഭ.വ;
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06.03.2025 ലെ LSGD/PD/44659/2024-GEB4 നമ്പർ കത്ത്;
4. കൊടകര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 11.04.2025 ലെ D 2660/2019--ാം നമ്പർ കത്ത് .

**<u>ഉത്തരവ്</u>**

പ്രാദേശിക സാമ്പത്തിക വികസന പദ്ധതി പതിനാലാം പഞ്ചവത്സര പദ്ധതിയിലെ മുൻഗണന വിഷയമാണ്. ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും പ്രത്യേകമായ പ്രാദേശിക സാമ്പത്തിക വികസന പദ്ധതി (Local Economic Development Plan — LED Plan) ഉണ്ടായിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയിലുൾപ്പെടുത്തി ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖകളുടെ ഖണ്ഡിക 7.6 ൽ വിശദമാക്കിയിട്ടുണ്ട്. ഇതിന് പുറമെ പ്രാദേശിക സാമ്പത്തിക വികസന പദ്ധതി സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(കൈ) നം.3/2023/LSGD; തീയതി 04.01.2023 പ്രകാരം പ്രത്യേകം പുറപ്പെടുവിച്ചിട്ടുമുണ്ട്. വർക്ക് ഫ്രം ഹോം എന്ന ആശയം പ്രാവർത്തികമാക്കുന്നതിനും സൈബർ ജോലിയിടങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള പരിപാടികൾ ആവിഷ്കരിക്കുന്നതിനും തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുള്ളതാണ്.

കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ ഷീ വർക്ക് സ്പേസ് പ്രോജക്ട് ഇത്തരത്തിലുള്ളതാണെന്ന് കാണുന്നു. 2021-22 സാമ്പത്തിക വർഷം "ജില്ലാ പദ്ധതിയിലെ സംയോജിത പരിപാടികൾക്ക് പ്രോത്സാഹന ധനസഹായം നൽകൽ" എന്ന പദ്ധതിയിൽ കൊടകര ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കി വരുന്ന "ഷീ വർക്ക് സ്പേസ്'' പദ്ധതിക്കായി 2022-23 ലെ ബഡ്ജറ്റ് ചർച്ചകളുള്ള മറുപടി പ്രസംഗത്തിൽ ബഹു. ധനകാര്യവകുപ്പ് മന്ത്രി പ്രഖ്യാപിച്ച ഒരു കോടി രൂപ, നടപ്പ് സാമ്പത്തിക വർഷം 2515-00-102-31-Incentivising District Plans- Rural ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 5 കോടി രൂപയിൽ നിന്ന് പരാമർശം (2) ലെ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു.

2. ഷീ വർക്ക് സ്പേസിന്റെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറക്ക് സംരംഭകരെ കണ്ടെത്തി പ്രവർത്തനം ആരംഭിക്കുന്നതിലേക്ക് ഡിപിസി അംഗീകാരം ലഭ്യമാക്കിയ 10 ലക്ഷം രൂപയിൽ അധികരിക്കാതെ കോൺക്ലേവ് നടത്തുന്നതിന് പ്രത്യേകം അനുമതി നൽകണമെന്ന കൊടകര ബ്ളോക്ക് പഞ്ചായത്ത് സമർപ്പിച്ച അപേക്ഷ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം തുടർ നടപടിക്കായി സർക്കാരിലേക്ക് ലഭ്യമാക്കുകയുണ്ടായി. 2024-25 വാർഷിക പദ്ധതി അംഗീകൃത പ്ലാനിൽ ഉൾപ്പെടുത്തി ബ്ലോക്കിന്റെ തനത് ഫണ്ടിൽ നിന്നും ഷീ വർക്ക് സ്പേസ് കോൺക്ലേവ് നടത്തിപ്പിനായി 10 ലക്ഷം രൂപ വകയിരുത്തി ഡി.പി.സി അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് പരാമർശം (4) പ്രകാരം കൊടകര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളതാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2021-22 സാമ്പത്തിക വർഷം "ജില്ലാ പദ്ധതിയിലെ സംയോജിത പരിപാടികൾക്ക് പ്രോത്സാഹന ധനസഹായം നൽകൽ" എന്ന പദ്ധതിയിൽ കൊടകര ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കി വരുന്ന "ഷീ വർക്ക് സ്പേസ്'' പദ്ധതിക്കായി നിർമ്മാണം പൂർത്തീകരിക്കുന്ന മുറക്ക് സംരംഭകരെ കണ്ടെത്തി പ്രവർത്തനം ആരംഭിക്കുന്നതിനായി 2024-25 വാർഷിക പദ്ധതി അംഗീകൃത പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള ഡിപിസി അംഗീകാരം ലഭ്യമാക്കിയ 10 ലക്ഷം രൂപയിൽ അധികരിക്കാതെ കോൺക്ലേവ് -നുള്ള പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
സെക്രട്ടറി, കൊടകര ബ്ലോക്ക് പഞ്ചായത്ത്, പുതുക്കാട്.പി.ഒ, തൃശ്ശൂർ 680301
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ് (ഡിഎ1/58/2025/ത.സ്വ.ഭ.വ. നമ്പർ
അനൗദ്യോഗിക കുറിപ്പ് പ്രകാരം)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba. S. C
Date: 01-07-2025 09:19:33

സെക്ഷൻ ഓഫീസർ